അറിയിക്കാനാണ് ഹൈക്കോടതിയുടെ നിർദ്ദേശം. ഉത്തരവ് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) എഡിറ്റോറിയൽ അസിസ്റ്റന്റിന്റെ തസ്തികയിലുണ്ടായ ഒഴിവുകളിലേയ്ക്ക് അപേക്ഷകൾ ക്ഷണിച്ച്, എഴുത്ത് പരീക്ഷ ഇന്റർവ്യൂ തുടങ്ങിയ നിയമാനുസൃത നടപടിക്രമങ്ങളിലൂടെ അർഹരായവരെ തെരഞ്ഞെടുത്ത് തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നാണ് നിയമനം നടത്തിയിട്ടുള്ളത്. ടി റാങ്ക് ലിസ്റ്റിന്റെ പകർപ്പ് അനുബന്ധമായി വയ്ക്കുന്നു.†

കേരള ചരിത്ര ഗവേഷണ കൗൺസിൽ

36 (2911) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചരിത്രപഠനവും ഗവേഷണവും ലക്ഷ്യമാക്കി കേരള ചരിത്രഗവേഷണ കൗൺസിൽ രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ചരിത്ര വസ്തുതകളും യാഥാർത്ഥ്യങ്ങളും വളച്ചൊടിക്കാനുള്ള പ്രവണതയ്ക്കെതിരെ എന്തെല്ലാം പ്രവർത്തനങ്ങളാണ് സാംസ്ക്കാരിക വകുപ്പ് സംഘടിപ്പിക്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) കേരളത്തിൽ നടന്ന വിവിധ സമരങ്ങളുടെയും നവോത്ഥാന പ്രസ്ഥാനങ്ങളുടേയും സാമൂഹിക പരിഷ്കാരങ്ങളുടെയും സമഗ്രമായ ചരിത്രം തയാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) സ്വാതന്ത്ര്യവും ശാസ്ത്രീയവുമായ ചരിത്ര ഗവേഷണത്തെ പ്രോത്സാഹിപ്പിക്കുകയാണ് നിർദ്ദേശിക്കപ്പെട്ട കേരള ചരിത്ര ഗവേഷണ കൗൺസിൽ കൊണ്ട് ഉദ്ദേശിക്കുന്നത്. ചരിത്ര പഠനവും ഗവേഷണവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് മാർഗ്ഗനിർദ്ദേശം നൽകുവാൻ ഈ സംവിധാനത്തിന് കഴിയണം. ഇത് സർക്കാർ വിശദമായ ചർച്ചയ്ക്കുവേണ്ടി അവതരിപ്പിച്ചതും തുടർന്ന് ഔദ്യോഗികമായി പ്രസിദ്ധപ്പെടുത്തിയതുമായ സാംസ്കാരിക നയവുമായി ബന്ധപ്പെട്ട കാര്യവുമാണ്. ഇതിന്റെ വിശദാംശങ്ങൾ ആയിട്ടില്ല.

(ഡി) ഉണ്ട്. കേരളത്തിലെ ജനകീയ മുന്നേറ്റധാരകളുടെ ചരിത്രം പുസ്തകമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിന്റെ ഒന്നാം വാല്യത്തിനുള്ള ലേഖനങ്ങളുടെ സമ്പാദനം പൂർത്തിയായിവരുന്നു.

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly